നിർമ്മൽ ഭാരത് അഭിയാൻ

164 (5517)ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മൽ ഭാരത് അഭിയാൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഖര ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ വർഷവും ലഭിച്ച തുകയെത്ര ; അതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചു ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന വിഹിതം എപ്രകാരമാണ് ; അതിനായി സംസ്ഥാനം ഓരോ വർഷവും എത്ര തുക നീക്കിവച്ചു ; എത്ര രൂപ ചെലവഴിച്ചു ?

ഉത്തരം

(എ) നടപ്പിലാക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) (മുൻ നിർമ്മൽ ഭാരത് അഭിയാൻ) ആണ് 2-10-2014 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ വ്യക്തിഗത ഗാർഹിക കക്കൂസുകൾ, കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ്, ഖര-ദ്രവ മാലിന്യ സംസ്കരണം, വിവര വിജ്ഞാന വ്യാപനവും ശേഷി വികസനവും ഭരണച്ചെലവുകൾ എന്നിവയാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തെ ജില്ലകൾ പ്രോജക്ട് നിർവ്വഹണം നടത്തിവരുന്നു.

(ബി) തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ സമർപ്പിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതിയും പദ്ധതിയുടെ ഭാഗമായുള്ള സഹായവും കൃത്യമായി അനുവദിച്ച് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ വർഷവും ലഭിച്ച ഇക ചുവടെ ചേർക്കുന്നു :

വർഷം	കേന്ദ്രസർക്കാർ അനുവദിച്ച ഇക (രൂപ ലക്ഷത്തിൽ)
2000-01	308.09
2001-02	741.98
2002-03	439.27
2003-04	864.13
2004-05	805.53
2005-06	736.90
2006-07	363.18
2007-08	2229.06
2008-09	388.99
2009-10	975.45
2010-11	2286.34
2011-12	158.89
2012-13	Nil
2013-14	4301.20
2014-15	3397.23

അതിൽ നാളിതുവരെ 16480.02 ലക്ഷം രൂപ ചെലവഴിച്ചു.

(ഡി) പദ്ധതി നടത്തിപ്പിനായി കേന്ദ്ര സഹായത്തിന് ആനുപാതികമായിട്ടാണ് സംസ്ഥാന വിഹിതം നീക്കിവയ്ക്കുന്നത്. (ഓരോ ഘടകത്തിനും വ്യത്യസ്തമായ അനുപാതങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്). നാളിതുവരെ സംസ്ഥാന വിഹിതമായി നീക്കിവച്ച ഇകയും ചെലവഴിച്ച ഇകയും ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

(രൂപ ലക്ഷത്തിൽ)

വർഷം	സംസ്ഥാന സർക്കാർ അനുവദിച്ച ഇക	ചെലവഴിച്ച ഇക (മുൻ നീക്കിയിരിപ്പ് സഹിതം)
2001-02	189.01	Nil
2002-03	160.22	169.76
2003-04	493.58	414.85
2004-05	364.40	243.96
2005-06	337.37	439.83
2006-07	345.13	406.99
2007-08	744.08	662.85
2008-09	421.78	227.94
2009-10	503.70	528.36
2010-11	1077.24	359.67
2011-12	129.01	429.42
2012-13	Nil	371.77
2013-14	1790.01	885.11
2014-15	727.99	1423.10

പള്ളിച്ചൽ പഞ്ചായത്ത് വനിതയെ ശല്യക്കാരിയായി പ്രഖ്യാപിച്ചത്

165 (5518)ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീമതി. വിജിത എന്ന വനിതയെ ശല്യക്കാരിയായി പ്രഖ്യാപിക്കുവാൻ തീരുമാനമെടുത്ത പള്ളിച്ചൽ പഞ്ചായത്തിനെതിരെ സർക്കാരിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly